LIBRARY ARCHIVES Kerala Legislative Assembly

ദരിദ്ര ഗ്രാമീണ സ്ത്രീകൾക്ക് വരുമാനവും തൊഴിലും ലഭ്യമാക്കാൻ പദ്ധതി

78 (2527) **ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദരിദ്ര ഗ്രാമീണ സ്ത്രീകൾക്ക് വരുമാനവും തൊഴിലും ലഭ്യമാക്കുന്നതിന് കന്നുകാലി വളർത്തലിനും കോഴിവളർത്തലിനും മൃഗസംരക്ഷണ വകുപ്പുവഴി ധനസഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഒരു ഗ്രാമ പഞ്ചായത്തിൽ പ്രതിവർഷം 10 (പത്ത്) വനിതകൾക്കെങ്കിലും ധനസഹായം ലഭ്യമാക്കുന്ന തരത്തിൽ മൃഗസംരക്ഷണ വകുപ്പും ഗ്രാമ പഞ്ചായത്തുകളുമായി സഹകരിച്ച് ഇത്തരമൊരു പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കന്നുക്കുട്ടി പരിപാലന പരിപാടിയിലും വീട്ടുമുറ്റത്ത് കോഴി വളർത്തൽ പദ്ധതിയിലും ദരിദ്ര ഗ്രാമീണ സ്ത്രീകൾക്ക് വരുമാനം ലഭ്യമാക്കുന്നുണ്ട്. കന്നുക്കുട്ടി പരിപാലന പരിപാടി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിധവകൾക്കും വനിതാ കർഷകർക്കും മുൻതൂക്കം നൽകി 4 മുതൽ 6 മാസം വരെ പ്രായമുള്ള സങ്കരയിനം പശുക്കുട്ടികൾ സൗജന്യ നിരക്കിൽ തീറ്റ, ഇൻഷ്വറൻസ്, പ്രതിരോധ കുത്തിവയ്പ്പുകൾ, മരുന്നുകൾ മുതലായവ 32 മാസം അല്ലെങ്കിൽ ആദ്യ പ്രസവംവരെ ഏതാണോ ആദ്യം അതുവരെ നൽകിവരുന്നു. തീറ്റയുടെ വിലയുടെ 50% തുക കർഷകരിൽ നിന്നും 25% വകുപ്പിൽനിന്നും 25% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും കണ്ടെത്തുന്നു. ഒരു കന്നുക്കുട്ടിക്ക് 3250 രൂപ മൃഗസംരക്ഷണ വകുപ്പിൽ നിന്നും സബ്സിഡി നൽകിവരുന്നു. വനിതാ സഹകരണ സംഘങ്ങൾവഴി 20 മുട്ടക്കോഴികൾ 5 കിലോ തീറ്റ, കോഴിക്കൂട് നിർമ്മിക്കുന്നതിന് 500 രൂപ, ആകെ 1550 രൂപ വീതം സഹായമായി നൽകിവരുന്നു.

മൂന്നാർ കേന്ദ്രീകരിച്ച് പഴം, പച്ചക്കറികളുടെ വിപണനകേന്ദ്രം തുടങ്ങുവാൻ നടപടി

79 (2528) **ശ്രീ. കെ. കെ. ജയചന്ദ്രൻ :** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ, വട്ടവട, മൂന്നാർ പഞ്ചായത്തുകളിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി ഉൽപ്പന്നങ്ങളാകെ തമിഴ്നാട്ടിലെ വിവിധ മാർക്കറ്റുകളിലാണ് വിപണനം നടത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇടുക്കിയിലെ മൂന്നാർ കേന്ദ്രീകരിച്ച് ഇവയുടെ വിപണന കേന്ദ്രം സർക്കാർ ഉടമസ്ഥതയിൽ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ പ്രദേശത്തെ കൃഷിക്കാർക്കു പച്ചക്കറി കൃഷിക്ക് ഡിപ്പാർട്ടമെന്റ് മുഖാന്തിരം വിത്തും വളവും നൽകി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി ഇറക്കുന്ന സന്ദർഭത്തിൽ കാർഷിക ബാങ്കുകളിൽ നിന്നും ഉദാര വ്യവസ്ഥകളനുസരിച്ച് വായ്പ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്നാർ ബ്ലോക്കിലെ വിവിധ പച്ചക്കറി മേഖലകളെ (മറയൂർ, വട്ടവട, കാന്തല്ലൂർ) കേന്ദ്രീകരിച്ച് ബ്ലോക്കുതല സംഭരണ-വിപണന കേന്ദ്രം നടത്തുവാനും ഉന്തുവണ്ടികളിൽ പച്ചക്കറി വിൽപ്പന നടത്തുവാനും പെട്ടിയോട്ടോ, സൈക്കിൾ എന്നിവ പച്ചക്കറി വിപണനത്തിനായി വാങ്ങുവാനും കൃഷി ഡിപ്പാർട്ടുമെന്റ് വഴി ഹരിതസംഘങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്.

(സി) ഡിപ്പാർട്ട്മെന്റ് മുഖാന്തിരം നടപ്പിലാക്കിവരുന്ന സംസ്ഥാനാവിഷ്കൃത പച്ചക്കറി വികസന പദ്ധതി പ്രകാരം കുറഞ്ഞത് 2 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടത്തുന്ന ഹരിതസംഘങ്ങൾക്ക് വിത്ത്, വളം, ജലസേചനം, പന്തൽ, സസ്യസംരക്ഷണം എന്നിവയ്ക്കായി ഒരു ഹെക്ടറിന് 8000 രൂപ റിവോൾവിംഗ് ഫണ്ടായി നൽകിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പരമ്പരാഗത പച്ചക്കറി കൃഷിക്കാരുടെ ഹരിതസംഘങ്ങൾക്ക് മേൽപ്പറഞ്ഞ ഘടകങ്ങൾക്കായി 5000 രൂപ ഹെക്ടർ 1-ന് റിവോൾവിംഗ് ഫണ്ടായി നൽകുന്നു. കൂടാതെ ശീതകാല ജൈവ പച്ചക്കറി കൃഷിക്ക് ഹെക്ടർ ഒന്നിന് 10,000 രൂപയുടെ ധനസഹായവും നൽകിവരുന്നുണ്ട്.

(ഡി) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കാർഷിക ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനുവേണ്ടി എല്ലാ സഹായവും ശുപാർശയും വേണ്ട രീതിയിൽ ലഭ്യമാക്കുവാൻ ഫീൽഡ് തലത്തിൽ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

അമ്പലപ്പുഴയിലെ കരിനില വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ

80 (2529) ശ്രീ. ഡി. സുഗതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴയിലെ 9000 ഏക്കർ വിസ്തൃതിയുള്ള കരിനിലങ്ങളിലെ കൃഷിക്കാരെ സഹായിക്കുന്നതിനായി കരിനില വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) കരിനിലങ്ങൾ പകുതിയോളം തരിശായി കിടക്കുന്നതിനാൽ ആ പ്രദേശങ്ങളിലും കൃഷി ചെയ്യുന്നതിനുവേണ്ടി കർഷകരെ സഹായിക്കുമോ ;

(സി) കരിനില കർഷകരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുവാൻ ഒരു ഏജൻസിയെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly